2015-ലെ സി.വി.കുഞ്ഞുരാമൻ സാഹിത്യപുരസ്കാരത്തിന് അർഹനായ
ശ്രീ സക്കറിയയ്ക്ക് സമർപ്പിക്കുന്ന

# പ്രശസ്തിപത്രം

കഥാകാരൻ, സഞ്ചാരസാഹിത്യകാരൻ എന്നീ നിലകളിൽ പ്രശസ്തനായ സക്കറിയ വായനക്കാർക്ക് പ്രിയംകരനാണ്. ആദ്യകഥയായ 'ഉണ്ണി എന്ന കുട്ടി'യോടെ മലയാളകഥാസാഹിത്യത്തിൽ ഒരിടം ഉറപ്പാക്കിയ സക്കറിയ അമ്പതുവർഷത്തിനു ശേഷവും കഥാരചനയിലെ ആവേശം ആളിക്കത്തിച്ചുകൊണ്ടുതന്നെ നിലകൊള്ളുന്നു. പ്രമേയത്തിലും രചനാരീതിയിലും ഒന്നിനൊന്നു വ്യത്യസ്തമായ നൂറിൽപരം കഥകളിൽനിന്ന് പാറ്റിക്കിഴിക്കാവുന്ന കഥകൾ ഉണ്ടായില്ല എന്നത് ആ സാഹിത്യപ്രതിഭയുടെ സൗഭാഗ്യം തന്നെയാണ്. കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് ഉൾപ്പെടെ ഒട്ടേറെ അവാർഡുകൾക്ക് സക്കറിയ അർഹനായിട്ടുണ്ടെങ്കിലും അതിനെക്കാളൊക്കെ വലിയ ബഹുമതിയായി ഞങ്ങൾ കാണുന്നത് ആ കഥകൾക്ക് വായനാസമൂഹം നൽകിപ്പോരുന്ന ഉയർന്ന പരിഗണനയാണ്. കഥ പോലെ പിരിമുറുക്കമുള്ള ചെറിയ നോവലുകളും സക്കറിയയുടെ വിലപ്പെട്ട സർഗസംഭാവനകളാകുന്നു. ധാരാളം സഞ്ചരിക്കുകയും അതിന്റെ ഓർമ്മകൾ അനുഭവരസികതയോടെ ആവിഷ്കരിക്കുകയും ചെയ്യുന്നതിൽ ഏറെ വിജയിച്ച അപൂർവ്വം ചില എഴുത്തുകാരിൽ സക്കറിയയും ഉൾപ്പെടുന്നു. എഴുത്തിൽ ഇന്നും സജീവമായി വർത്തിക്കുന്ന കഥാകാരനിൽ നിന്ന് സഹൃദയലോകം ഇനിയും ഏറെ പ്രതീക്ഷിക്കുന്നു. ചെറുപ്പത്തിന്റെ തേജസ്സും ഓജസ്സും ആ അക്ഷരങ്ങൾക്ക് അനശ്വരത്വം പ്രദാനം ചെയ്യട്ടെ എന്നു ഞങ്ങൾ ആശംസിക്കുന്നു.

കേരളകൗമുദി സ്ഥാപകനും പത്രാധിപശ്രേഷ്ഠനും നവോത്ഥാനനായകനും കവിയും ശൈലീവല്ലഭനായ ഗദ്യകാരനുമായിരുന്ന സി.വി. കുഞ്ഞുരാമന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയിട്ടുള്ള സാഹിത്യപുരസ്കാരം സ്നേഹപൂർവ്വം ശ്രീ സക്കറിയയ്ക്കു സമർപ്പിക്കുന്നു.

ഒ.എൻ.വി.കുറുപ്പ്
അധ്യക്ഷൻ

ഹാഷിം രാജൻ
കാര്യദർശി

സി.വി.കുഞ്ഞുരാമൻ ഫൗണ്ടേഷൻ
തിരുവനന്തപുരം
10-4-2015